പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4898 — 01-07-2013 ൽ മറുപടിക്ക്

## കള്ളിന്റെ രാസഘടന പരിക്കുവാൻ പഠന സംഘം

| ചോദ്യം. | ഉത്തരം: |
|---|---|
| ശ്രീ ഐ സി ബാലകൃഷ്ണൻ<br>" വി.പി സജീന്ദ്രൻ<br>" വർക്കല കഹാർ<br>" അൻവർ സാദത്ത് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കള്ളിന്റെ രാസഘടന പരിക്കുവാൻ പ്രത്യേക പഠന സംഘത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. കള്ളിന്റെ രാസഘടനയെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, കേരള സർവ്വകലാശാല രസതന്ത്ര വിഭാഗം തലവൻ ഡോ. റ്റി. എസ്. അനിരുദ്ധൻ അദ്ധ്യക്ഷനായി അഞ്ചംഗ ടെക്നിക്കൽ കമ്മിറ്റിയെ, 22-11-2011-ലെ ജി.ഒ.(എം.എസ്) 174/2011/റ്റിഡി. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. |
| (ബി) കള്ളിന്റെ രാസഘടന ശാസ്ത്രീയമായി കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള സമിതി പഠനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തെ സമയമാണ് പ്രസ്തുത സമിതിക്ക് നൽകിയിട്ടുള്ളത്; | (ബി) ഉണ്ട്. 2013 മേയ് മാസം 15-ാം തീയതി മുതൽ, സംസ്ഥാനത്തെ മൂന്ന് മേഖലാ കെമിക്കൽ ലാബുകളിൽ വച്ച് ടി സമിതി രാസപരീക്ഷണം ആരംഭിക്കുകയുണ്ടായി. രാസപരീക്ഷണം ആരംഭിച്ച് നാല് മാസത്തിനകം സർക്കാരിന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനാണ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. |
| (സി) രാസഘടന കണ്ടെത്തുന്നതോടെ യഥാർത്ഥ കള്ളും വ്യാജകള്ളും തമ്മിലുള്ള വ്യത്യാസം കോടതിയെ ബോദ്ധ്യപ്പെടുത്തുവാനാകുമെന്ന് കരുതുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ